(സി) കേന്ദ്ര ഗവൺമെന്റിന്റെ റെയിൽവേ വരവിൽ എത്ര ശതമാനം കേരളത്തിൽ നിന്നും ലഭിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) 1999-2000 വർഷത്തിൽ കേരളത്തിലെ റെയിൽ വികസനത്തിന് എന്തു തുകയാണ് അനുവദിച്ചത് ; പ്രസ്തുത വർഷം അനുവദിച്ച തുക മുഴുവനും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

(ബി) 209.25 കോടി രൂപ. വിവിധ പദ്ധതികൾക്കായി 6500 കോടി രൂപയാണ് റെയിൽവേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ കേരളത്തിന്റെ വിഹിതം 3.21 % ആണ്.

(സി) വിവരം ലഭ്യമല്ല.

(ഡി) 197.64 കോടി രൂപയാണ് വകകൊള്ളിച്ചിരുന്നത്. ഇത് മുഴുവനും ചെലവഴിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ഉപഭോക്താക്കൾക്ക് ബില്ല് നല്കാൻ നടപടി.

19 (*526) ശ്രീ. എളമരം കരീം :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒട്ടുമിക്ക വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ഉപഭോക്താക്കൾക്ക് ബില്ല് നല്കാറില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബില്ല് നല്കാത്തതുമൂലം ഉപഭോക്താവിനും സർക്കാരിനും ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം എത്രയാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ ?

(സി) എങ്കിൽ ഇതു പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ;

(ഡി) സാധനങ്ങൾ വാങ്ങുമ്പോൾ ബില്ല് വാങ്ങേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കാനുള്ള പദ്ധതിക്ക് രൂപം നല്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇല്ല.

(ബി) എ യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

---

† അനുബന്ധം -I

LIBRARY ARCHIVES Kerala Legislative Assembly

(സി) നികുതിവെട്ടിപ്പ് കണ്ടുപിടിക്കാൻ വില്പന നികുതി വകുപ്പിൽ പ്രത്യേക ഇന്റലിജൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബില്ലുകൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിനും ക്രോസ് വെരിഫിക്കേഷനും മറ്റുമായി നികുതിവകുപ്പിൽ ഇൻവെസ്റ്റിഗേഷൻ വിഭാഗവും പ്രവർത്തിച്ചുവരുന്നു.

(ഡി) ബോധവൽക്കരണ പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി

20 (*527) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞുവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്വാതന്ത്ര്യലബ്ധിക്കു മുൻപ് സംസ്ഥാനത്തിന്റെ വനവിസ്തൃതി എത്രയായിരുന്നു ;

(സി) ഇതുവരെ ഓരോ ദശകത്തിലും വനവിസ്തൃതിയിൽ എന്തു കുറവുവന്നു ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സംരക്ഷിത വനപ്രദേശങ്ങളുണ്ട് ;

(ഇ) വനനശീകരണം തടയുന്നതിനും വനവൽക്കരണം പരിപോഷിപ്പിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി ഗണ്യമായി കുറഞ്ഞിട്ടില്ല.

(ബി) സ്വാതന്ത്ര്യലബ്ധിക്കു മുൻപ് തിരുവിതാകൂറിന്റെ വനവിസ്തൃതി 6429 ചതുരശ്ര കിലോമീറ്റർ ആയിരുന്നു.

(സി) ഓരോ ദശകത്തിലുമുള്ള വനവിസ്തൃതി താഴെ കൊടുത്തിരിക്കുന്നു.

1956-57	9027 ച. കി. മീ.
1966-67	9017 ച. കി. മീ.
1976-77	9352 ച. കി. മീ.
1986-87	11222 ച. കി. മീ.
1996-97	11125 ച. കി. മീ.

(ഡി) 2324.72 ച. കി. മീറ്റർ സംരക്ഷിത വനപ്രദേശങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly